ബാധകമാക്കിയാൽ മതിയെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. ഈ വിഷയം നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ളതിനാൽ, ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

115 (2667) ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. സാജു പോൾ :

പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ പ്രോസ്പെക്ടസ് അനുസരിച്ചാണോ നടത്തിയത് ; അല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ ; ഏത്ര സീറ്റിലേക്കാണ് മാനേജ്മെന്റുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തിയത്; സ്വാശ്രയ മാനേജ്മെന്റുകളിലെ അൻപതു ശതമാനം മെറിറ്റ് സീറ്റുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകില്ലെന്ന് നിയമസഭയിൽ നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ ;

(ബി) സർക്കാർ മെരിറ്റ് ലിസ്റ്റിൽ നിന്നല്ലാതെ സ്വന്തം നിലയിൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച സ്ഥാപനങ്ങൾ ഏതെന്നും അതിന് അവർ ഉന്നയിച്ച കാരണങ്ങൾ എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) അടുത്ത വർഷത്തെ പ്രവേശന പരീക്ഷയ്ക്ക് മുന്നോടിയായി സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; അവരുമായി ഇതു സംബന്ധിച്ച് നടത്തിയ ചർച്ചയുടെ വിശദാംശം അറിയിക്കാമോ ;

(ഡി) പ്രശ്നപരിഹാരത്തിന് സർക്കാർ ശ്രമിക്കാത്തത് സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കാനാണെന്ന ആക്ഷേപം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രോസ്പെക്ടസ്, വിവിധ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവുകൾ, ബഹു. സുപ്രീംകോടതിയുടെ അലോട്ട്മെന്റ് ഷെഡ്യൂൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനം നടത്തിയത്. സർക്കാരുമായി കരാറിൽ ഏർപ്പെട്ട സ്വകാര്യ-സ്വാശ്രയ മാനേജുമെന്റുകളുടെ കോളേജുകളിലെ 50% സീറ്റുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

(ബി)

1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം.

2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം.

3. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, മുക്കം, കോഴിക്കോട്.

4. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ

5. കരുണാ മെഡിക്കൽ കോളേജ്, പാലക്കാട് എന്നീ സ്ഥാപനങ്ങളാണ് സ്വന്തം നിലയിൽ പ്രവേശനം നടത്തിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാരുമായി ധാരണയിലെത്തുകയോ, ധാരണാപത്രം ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിലാണ് സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയിട്ടുള്ളത്.

(സി) 2015-16 അദ്ധ്യയന വർഷം സർക്കാർ/സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശന നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

(ഡി) സാമൂഹികനീതി മുൻനിർത്തി സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ.ടി. പി. അഷ്റഫിന്റെ അധിക ചുമതല

116 (2668) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-ലെ മെഡിക്കൽ വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം മെഡിക്കൽ കോളേജ് അദ്ധ്യാപകരെ തീവ്രരോഗിപരിചരണത്തിനും പൂർണ്ണ സമയ അദ്ധ്യാപന